**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - "Virtual Engagement for Leveraging Interactive Community Honed Agriculture Management VELICHAM" - അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**കൃഷി(പി.പി.എം സെൽ) വകുപ്പ്**

G.O.(Ms) No.83/2024/AGRI തീയതി,തിരുവനന്തപുരം, 07-08-2024

---

പരാമർശം:- 1. "Virtual Engagement for Leveraging Interactive Community Honed Agriculture Management VELICHAM" നിർദേശം

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ കാർഷികവികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത് കൂടുതൽ ജനകീയവും സുതാര്യവുമാക്കാൻ വിവിധ സർക്കാർയോഗങ്ങൾ പൊതുജനങ്ങൾക്ക് കാണാൻ ലൈവ് ആയി ഓൺലൈൻ പ്രക്ഷേപണം നടത്തുന്നത് ഉപകരിക്കും എന്ന പരാമർശിത നിർദ്ദേശം സർക്കാർ പരിഗണിക്കുകയുണ്ടായി. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ് -

- കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളില് സുതാര്യതയും ഉത്തരവാദിത്തവും വർധിപ്പിക്കുക.
- തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെക്കുറിച്ച് പൊതുജനങ്ങൾക്ക് നേരിട്ടുള്ള അറിവ്ഉറപ്പാക്കുക.
- സജീവമായ പൊതുജന പങ്കാളിത്തം, പ്രതികരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.
- ഭാഗഭാക്കുകൾക്കിടയിൽ പ്രതീക്ഷയും വിശ്വാസവും വളർത്തുക.

2. സർക്കാർ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വളർത്തുക, പൊതുജന പങ്കാളിത്തം വർധിപ്പിക്കുക, തീരുമാനമെടുക്കുന്ന പ്രക്രിയയിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുക എന്നിവ പദ്ധതിയിലൂടെ സാധ്യമാകുന്നു. നിയമപരമായി കാത്ത് സൂക്ഷിക്കേണ്ട വിഷയങ്ങളിലെ രഹസ്യ സ്വഭാവവും, വ്യക്തികളുടെ സ്വകാര്യതയും ഉറപ്പാക്കി തയാറാക്കിയിട്ടുള്ള ഈ പദ്ധതിയിലെ ആദ്യ ഘട്ടത്തിലെ പ്രക്ഷേപണങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പൊതുജനതാത്പര്യമുള്ള യോഗങ്ങളിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രക്ഷേപണം ചെയ്യുന്ന യോഗങ്ങളുമായി ബന്ധപ്പെട്ട് തങ്ങളുടെ അഭിപ്രായങ്ങള് അറിയിക്കുന്നതിനും, ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും സാമൂഹമാധ്യമ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങൾക്ക് സാദ്ധ്യമാകും. അതിലൂടെ മികച്ച പൊതുജന പങ്കാളിത്തവും സാധ്യമാകുന്നു. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന ക്രിയാത്മകമായ നിർദേശങ്ങളും അഭിപ്രായങ്ങളും നയരൂപീകരണം/ പദ്ധതി നടപ്പാക്കൽ പ്രക്രിയകളെ മെച്ചപ്പെടുത്താൻ സഹായകരമാകുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുജന പങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കിക്കൊണ്ട് കൃഷി വകുപ്പിന്റെ പ്രവത്തനങ്ങള് മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിട്ടു കൊണ്ട് ***'Virtual Engagement for Leveraging Interactive Community Honed Agriculture***

***Management (VELICHAM)'*** എന്ന പദ്ധതിക്ക് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

4 . താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചു കൊണ്ട് ഈ പദ്ധതി നടപ്പാക്കുന്നതിന് കൃഷിവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു:

- കാർഷികോത്പാദന കമ്മീഷണർ ചെയർമാനായുള്ള സ്റ്റിയറിംഗ് കമ്മിറ്റി ഇതിന്റെ നടത്തിപ്പ് നിരീക്ഷിക്കുകയും ഉചിതമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുമാണ്.
- പദ്ധതിയുടെ ചിത്രീകരണവും പ്രക്ഷേപണനിർവഹണവും കൃഷി ഡയറക്ടറുടെ നേതൃത്വത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോക്കായിരിക്കും. ഐ.ടി. സെൽ ഇതിനാവശ്യമായ പിന്തുണയും സാങ്കേതിക സഹായവും നൽകേണ്ടതാണ്. ആദ്യ ഘട്ടത്തിൽ ഓൺലൈൻ മീറ്റിങ്ങുകൾ സ്ട്രീം ചെയ്യാനുള്ള സൌകര്യം ഒരുക്കേണ്ടതാണ്.
- പ്രക്ഷേപണം ചെയ്യുന്ന യോഗങ്ങളുടെ ഷെഡ്യൂളുകൾ കൃഷി വകുപ്പിന്റെ വെബ്സൈറ്റ്/വിവിധ സാമൂഹമാധ്യമങ്ങൾ മുഖേന മുൻകൂട്ടി പ്രസിദ്ധീകരിക്കേണ്ടതാണ്.
- യോഗം പ്രക്ഷേപണം ചെയ്യപ്പെടുന്ന വിവരം അതിൽ പങ്കെടുക്കുന്ന എല്ലാവരെയും മുൻകൂട്ടി അറിയിക്കേണ്ടതാണ്.
- നിയമപരമായി വിലക്കുള്ളതോ ഔദ്യോഗ്യരഹസ്യവിവരങ്ങൾ ഉൾക്കൊള്ളുന്നതോ ആയ യോഗങ്ങൾ പ്രക്ഷേപണം ചെയ്യാൻ പാടുള്ളതല്ല. വ്യക്തിഗതവിവര സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കേണ്ടതാണ്.
- തത്സമയ പ്രക്ഷേപണം ആരംഭിച്ചതിനു ശേഷം യോഗങ്ങളുടെ 'Gamified performance rating' നടത്തുന്നതിനായി യഥാവിധി തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകളെ കൃഷി ഡയറക്ടർ ചുമതലപ്പെടുത്തേണ്ടതാണ്.

5 . കാർഷികോതാപാദന കമ്മീഷണർ/കൃഷി വകുപ്പ് സെക്രട്ടറി/വകുപ്പ് മേധാവികള് എന്നിവര്ക്ക് തങ്ങളുടെ അധികാര പരിധിയില് പെടുന്ന യോഗങ്ങളുടെ പ്രക്ഷേപണം സംബന്ധിച്ച തീരുമാനമെടുക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTH N I A S
SPECIAL SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കാർഷികോതാപാദന കമ്മീഷണറുടെ സി.എ യ്ക്ക്

കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്